**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 271** **12-03-2025 - ൽ മറുപടിയ്ക്ക്**

**വളവും രാസവസ്തുക്കളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വളത്തിന്റെയും കൃഷിക്കാവശ്യമായ രാസവസ്തുക്കളുടെയും വിലവർദ്ധനവ് കാരണം കർഷകർ പ്രതിസന്ധിയിലായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | രാസവളങ്ങളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാരിന്റെ ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി (NBS) പോളിസി പ്രകാരമാണ് വളത്തിന്റെ വിലയും സബ്സിഡിയും നിശ്ചയിക്കുന്നത്. യൂറിയയുടെ വില മാത്രം നിയന്ത്രണപ്പട്ടിക-യിൽപ്പെടുത്തുകയും മറ്റു സബ്സിഡികൾ വെട്ടിക്കുറച്ച് ഫോസ്ഫറസ് പൊട്ടാഷ് വളങ്ങൾ ഡികൺട്രോൾഡ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇതിന്റെ ഫലമായി യൂറിയയുടെ വില ഒഴികെ മറ്റു വളങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാവുകയും മറ്റു രാസവളങ്ങളുടെ വില നിർണ്ണയിക്കുന്നതിന് വളം വിതരണ കമ്പനികൾക്ക് അവസരം ലഭ്യമാവുകയും ചെയ്തു. അസംസ്കൃത വസ്തുക്കളുടെ വില, കയറ്റിറക്ക് കൂലി, ചരക്ക് കൂലി എന്നിവയുടെ അടിസ്ഥാനത്തിലാണ് കമ്പനികൾ വില നിശ്ചയിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വില നിയന്ത്രണമില്ലാത്ത വളങ്ങൾക്ക് അസംസ്കൃത വസ്തുക്കളുടെ ഇറക്കുമതി ചെലവ്, കയറ്റിറക്കു കൂലിയിലുള്ള വർദ്ധനവ് എന്നിവയുടെ അടിസ്ഥാ-നത്തിൽ സബ്സിഡി തുക ആനുപാതികമായി കൂട്ടിയാൽ മാത്രമേ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് രാസവളങ്ങൾ ലഭ്യമാ-വുകയുള്ളൂ. പല വളങ്ങൾക്കും നിലവിലുള്ള സബ്സിഡിയും ബഡ്ജറ്റ് വിഹിതവും കുറയ്ക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷങ്ങളിൽ അനുവർത്തിച്ചിരിക്കുന്നത്. ഫോസ്ഫറസ്, പൊട്ടാസ്യം വളങ്ങൾക്കുള്ള ന്യൂട്രിയന്റ് സബ്സിഡി 2023-24 വർഷം 65199.586 കോടി രൂപ ആയിരുന്നത് 2024-25 വർഷം 52310 കോടി രൂപയായും 2025-26 വർഷം 49000 കോടി രൂപയായും കേന്ദ്ര സർക്കാർ വെട്ടിക്കുറയ്ക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | ആനുപാതിക സബ്സിഡി കേന്ദ്ര സർക്കാർ നൽകാത്തതിനാൽ ഡൈ അമോണിയം ഫോസ്ഫേറ്റ്, സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്, അമോണിയം സൾഫേറ്റ്, മ്യൂറേറ്റ് ഓഫ് പൊട്ടാഷ് (എം.ഒ.പി.), 10:26:26 എൻ പി കെ കോംപ്ലക്സ് വളം, രാജ്ഫോസ്, ഫാക്ടംഫോസ്, 16:16:16 എൻ പി കെ കോംപ്ലക്സ് വളം എന്നിവയുടെ വിലയിൽ വർദ്ധനവ് സംഭവിക്കുന്നു. എന്നാൽ രാസകീടനാശിനികളുടെ വില നിശ്ച-യിക്കുന്നത് ബന്ധപ്പെട്ട ഉല്പാദന കമ്പനികൾ മാത്രമായാണ്. ഇക്കാര്യത്തിൽ നിലവിൽ കേന്ദ്രസർക്കാരിന്റെ നിയന്ത്രണമില്ല. അതിനാൽ കമ്പനികൾക്ക് യഥേഷ്ടം വില വർദ്ധിപ്പിക്കുവാൻ അവസരം ലഭിക്കുന്നു. |
| (ബി) | കൃഷിക്കാവശ്യമായ വളവും രാസവസ്തുക്കളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ ഇടപെടൽ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ മുഖേനയും ജനകീയാസൂത്രണ പദ്ധതികൾ മുഖേനയും രാസവളങ്ങളും, കീടനാശിനികളും, കുമ്മായവും സബ്സിഡി നിരക്കിൽ നൽകി സർക്കാർ കർഷകരെ സഹായിച്ചു വരുന്നു. അടിയന്തിര-ഘട്ടങ്ങളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ പ്രവർത്തിച്ചു വരുന്ന ക്രോപ് ഫാർമസികൾ മുഖേനയും സൗജന്യമായി ജൈവജീവാണു കീടരോഗ നിയന്ത്രണ ഉപാധികൾ നൽകുന്നുണ്ട്.<br><br>വ്യാപാരികളിലൂടെയും പ്രാദേശിക സഹകരണ സംഘങ്ങളിലൂടെയും വളം വിതരണം ശക്തിപ്പെടുത്തി വള ലഭ്യത ഉറപ്പാക്കുന്നുണ്ട്. കീടനാശിനികളുടെയും രാസ വളങ്ങളുടെയും അമിത ഉപയോഗം കുറച്ച് ജൈവകാർഷിക രീതി അനുവർത്തിക്കുവാൻ കർഷകർക്കിടയിൽ ബോധവൽക്കരണം നടത്തുകയും "ജൈവ കാർഷിക മിഷൻ ആരംഭിച്ച് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. ജൈവജീവാണു വളങ്ങൾ ഉത്പാദിപ്പിക്കുവാൻ കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും പരിശീലനം നൽകുന്നുണ്ട്. കൂടാതെ വിപണിയിലുള്ള ജൈവ വളങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുവാൻ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ലബോറട്ടറികൾ ആരംഭിച്ചിട്ടുമുണ്ട്.<br><br>നൂതന കാർഷിക രീതികളും വളപ്രയോഗങ്ങളും പ്രോത്സാഹിപ്പിച്ച് രാസവളങ്ങളുടെ ഉപയോഗം കുറയ്ക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | വളത്തിന്റെയും രാസവസ്തുക്കളുടെയും വില നിയന്ത്രണവിധേയമാക്കാനും സബ്സിഡി വർദ്ധിപ്പിക്കാനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്നും ഇതിനായി നാളിതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ? | (സി) | 2021 മുതൽ വളങ്ങളുടെ വിലയിലുണ്ടായിട്ടുള്ള ക്രമാതീതമായ വർദ്ധനവിനെ തുടർന്ന് വളങ്ങളുടെ വിലയിൽ നിയന്ത്രണം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും തുടർന്ന് നടന്ന കൂടിക്കാഴ്ചയിൽ ഈ വിഷയം കേന്ദ്ര മന്ത്രിമാരുടെ ശ്രദ്ധയിൽ കൊണ്ടു വരികയും |

| | | | |
|---|---|---|---|
| | | | ചെയ്തിരുന്നു.  എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും ഇതേവരെ അനുകൂലമായ നടപടികൾ ഉണ്ടായിട്ടില്ല. ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ട് ഇക്കാര്യം വീണ്ടും ശ്രദ്ധയിൽപ്പെ-ടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ